(ഇ) നിർമ്മാണ പ്രവർത്തികൾക്ക് 6 മാസം മുതൽ 18 മാസം വരെയാണ് കാലാവധി. ഈ കാലാവധിക്കുള്ളിൽ പണിപൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

റെസ്റ്റ് ഹൗസുകളും ഗസ്റ്റ് ഹൗസുകളും

64 [3590] *ഡോ. എം. എ. കുട്ടപ്പൻ:*
ശ്രീ. വർക്കല കഹാർ:
,, *എം. എ. വാഹീദ്:*
,, *എം. എ. ചന്ദ്രശേഖരൻ:*
,, *ജോർജ് ജെ. മാത്യു:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുണ്ടായിരുന്ന എത്ര റസ്റ്റ് ഹൗസുകളും ഗസ്റ്റ് ഹൗസുകളും സ്വകാര്യ വ്യക്തികൾക്കും വിനോദ സഞ്ചാര വികസന കോർപ്പറേഷനും കൈമാറി എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) സ്വകാര്യ വ്യക്തികൾക്കും വിനോദ സഞ്ചാര വികസന കോർപ്പറേഷനും കൈമാറിയിട്ടുള്ള റെസ്റ്റ് ഹൗസുകളിലും ഗസ്റ്റ് ഹൗസുകളിലും കർത്തവ്യ നിർവ്വഹണത്തിന്റെ ഭാഗമായി താമസത്തിനെത്തുന്ന സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് എന്തെങ്കിലും സൗജന്യം അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) & (ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ മൂന്നാർ, വൈക്കം, ആലുവ എന്നിവിടങ്ങളിലെ റസ്റ്റ് ഹൗസുകൾ സ്വകാര്യ സംരംഭകർക്ക് ആർ. ഒ. എം. റ്റി. അടിസ്ഥാനത്തിൽ കൈമാറിയിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ കീഴിലുള്ള ആറ്റിങ്ങൽ ഗസ്റ്റ് ഹൗസ് വിനോദ സഞ്ചാര വികസന കോർപ്പറേഷന് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും നാളിതുവരെയായി കൈമാറ്റം നടന്നിട്ടില്ല.

(സി) കൈമാറിയ റസ്റ്റ് ഹൗസുകളിൽ നിശ്ചിത എണ്ണം മുറികൾ ഔദ്യോഗിക ആവശ്യാർത്ഥം യാത്ര ചെയ്യുന്ന പൊതു മരാമത്ത് വകുപ്പ്/കേരളാ സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് താമസത്തിനായി നീക്കിവച്ചിട്ടുണ്ട്.

നാഷണൽ ഹൈവേ 208

65 [3591] *ശ്രീ. എ. എ. അസീസ്:* താഴെക്കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാഷണൽ ഹൈവേ 208-ൽ കുണ്ടറ, ആറുമുറിക്കട, ആശുപത്രിമുക്ക്, മുക്കട ഇളമ്പള്ളൂർ എന്നിവിടങ്ങളിലെ ഗതാഗതകുരുക്ക് ഒഴിവാക്കാൻ ഡിവൈഡർ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly